ഉത്തരം

(എ&ബി) 1585/VIP/M(Edn) നമ്പർ നിവേദനത്തിന്മേൽ കോട്ടയം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ഡി.ഡി.ഇ. സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം എ ആയി ചേർത്തിട്ടുണ്ട്.

(സി&ഡി) കോട്ടയം വിദ്യാഭ്യാസ ഉപ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവ. തലത്തിൽ മേൽ നടപടി സ്വീകരിച്ചുവരുന്നു. ഫയൽ നമ്പർ 29910/എം1/14/പൊ.വി.വ.

സ്നേഹപൂർവ്വം പദ്ധതി

94 (3830) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിതാവോ മാതാവോ മരണപ്പെട്ടുപോയിട്ടുള്ള വിദ്യാർത്ഥികൾക്ക് സാമൂഹ്യനീതി വകുപ്പ് മുഖേന മാസംതോറും ധനസഹായം നൽകുന്നതിനുള്ള സ്നേഹപൂർവ്വം പദ്ധതിക്കുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും ബഹുഭൂരിപക്ഷം സ്കൂൾ അധികൃതരും അർഹരായിട്ടുള്ള കുട്ടികളെ പ്രസ്തുത ധനസഹായ പദ്ധതിയെപ്പറ്റി അറിയിക്കാതിരിക്കുകയും ഓൺലൈനായി സ്കൂൾ മുഖാന്തിരം അപേക്ഷകൾ സമർപ്പിക്കാൻ വിമുഖത കാട്ടുന്നകാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇടുക്കി ജില്ലയിൽ എത്ര സർക്കാർ, എയ്ഡഡ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട് ; ഇതിൽ ഓരോ വിദ്യാഭ്യാസ സ്ഥാപനവും ഓൺലൈനായി എത്ര അപേക്ഷകൾ സ്നേഹപൂർവ്വം പദ്ധതിയിൽ സമർപ്പിച്ചിട്ടുണ്ട് എന്നത് സംബന്ധിച്ച വിശദാംശം നൽകാമോ ;

(സി) അർഹതപ്പെട്ടവർ ഏറെ ഉണ്ടെങ്കിലും അപേക്ഷകർ കുറയാനിടയായ സാഹചര്യം പരിശോധിക്കുമോ ;

(ഡി) സ്നേഹപൂർവ്വം പദ്ധതിയിലൂടെ ധനസഹായം ലഭിക്കാൻ അർഹതപ്പെട്ട എല്ലാ വിദ്യാർത്ഥികളെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് : കൂടുതലായി എന്തൊക്കെ നടപടികൾ സ്വീകരിക്കും ;

(ഇ) സ്നേഹപൂർവ്വം പദ്ധതിയെപ്പറ്റിയും അപേക്ഷിക്കേണ്ട രീതിയും സംബന്ധിച്ച എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അറിയിപ്പ് നൽകിയിട്ടുണ്ടോ ;

(എഫ്) എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും അർഹരായ വിദ്യാർത്ഥികളെയെല്ലാം സ്നേഹപൂർവ്വം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും ; വിശദാംശം നൽകാമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ച് നൽകുന്നതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള സ്കൂളുകളിലെ യു.പി.ഹൈസ്കൂൾതല അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ്

95 (3831) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള സ്കൂളുകളിലെ യു.പി.ഹൈസ്കൂൾതല അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ് അവസാനമായി പ്രസിദ്ധീകരിച്ചത് എന്നാണ് ; ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടാത്ത ആർക്കെങ്കിലും നിയമനാംഗീകാരം നൽകിയിട്ടുണ്ടോയെന്നും എങ്കിൽ ഇത് സീനിയോറിറ്റി മറികടന്നാണോ ചെയ്തിട്ടുള്ളത് എന്നും വെളിപ്പെടുത്തുമോ ;

(സി) പുതിയ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) യു.പി.-ഹൈസ്കൂൾതല അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ് അവസാനമായി പ്രസിദ്ധീകരിച്ചത് 13-8-2013 ലാണ്. (പകർപ്പ് അനുബന്ധം I* ആയി ചേർക്കുന്നു.)

(ബി) സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടാത്ത 51-എ അവകാശികളിൽ (അവധി ഒഴിവിൽ നിയമനം ലഭിച്ചിട്ട് വീണ്ടും നിയമനം ലഭിക്കുന്നതിനായി പുറത്ത് നിൽക്കുന്നവർ) 16 പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്. (ലിസ്റ്റിന്റെ പകർപ്പ് അനുബന്ധം II *ആയി ചേർക്കുന്നു.) സീനിയോറിറ്റി മറികടന്നിട്ടില്ല.

(സി) പുതിയ സീനിയോറിറ്റി പ്രസിദ്ധീകരിക്കുന്നതിന് വേണ്ട നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly